**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1354** **15-10-2026-ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ പ്രധാന ജലാശയങ്ങളെ കോർത്തിണക്കി പരിസ്ഥിതി സൗഹൃദമായ ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** കേരളത്തിലെ പ്രധാന ജലാശയങ്ങളെ പരസ്പരം ബന്ധിപ്പിച്ച് പരിസ്ഥിതി സൗഹൃദ ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിനായി ടൂറിസം സാധ്യത, സ്ഥലലഭ്യത, ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ, പാരിസ്ഥിതിക അനുമതികൾ എന്നിവ വിലയിരുത്തി വിശദമായ പദ്ധതി തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**(ബി)** ജലാശയ ടൂറിസം വികസിപ്പിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ജലാശയ ടൂറിസം വികസിപ്പിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനായി നിലവിലുള്ള പാരിസ്ഥിതിക നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് മാത്രമേ വകുപ്പ് പദ്ധതികൾ നടപ്പിലാക്കുകയുള്ളൂ. ജലമലിനീകരണം തടയുക, ജലാശയങ്ങളുടെയും തീരപ്രദേശങ്ങളുടെയും സ്വാഭാവിക ആവാസവ്യവസ്ഥ സംരക്ഷിക്കുക, മാലിന്യസംസ്കരണം ഉറപ്പാക്കുക, ജൈവവൈവിധ്യത്തിന് ഹാനികരമാകാത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടികൾക്ക് മുൻഗണന നൽകുന്നതാണ്. കൂടാതെ, ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികളും നിർദേശങ്ങളും ഉറപ്പാക്കി പരിസ്ഥിതി സൗഹൃദവും ഉത്തരവാദിത്തപൂർണവുമായ ടൂറിസം വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആലോചിക്കുന്നതാണ്.

**(സി)** നദീതീരങ്ങളെയും അണക്കെട്ടുകളെയും കേന്ദ്രീകരിച്ച് പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** അണക്കെട്ടുകൾ സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഡാം പോളിസിക്ക് സമാനമായി സംസ്ഥാന തലത്തിൽ കരട് പോളിസി തയ്യാറാക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**